എ.വൈ.ആർ


സൂറ-12

# യൂസുഫ്

8 ഓർക്കുക, യൂസുഫിന്റെ സഹോദരങ്ങൾ തമ്മിൽ പറഞ്ഞു: യൂസുഫും അവന്റെ സഹോദരനും പിതാവിന് നമ്മെക്കാൾ ഏറ്റം പ്രിയമുള്ളവരാകുന്നു; നമ്മൾ ഒരു പ്രബല സംഘമായിരുന്നിട്ടും. സത്യത്തിൽ നമ്മുടെ പിതാവ് തികഞ്ഞ വഴികേടിലായിരിക്കുന്നു.

9 യൂസുഫിനെ നാം കൊന്നു കളയണം. അല്ലെങ്കിൽ ഏതെങ്കിലും വിദൂര സ്ഥലത്ത് വലിച്ചെറിയണം. അങ്ങനെ പിതൃമുഖം നമുക്കു മാത്രമായി ഒഴിഞ്ഞുകിട്ടട്ടെ. അനന്തരം നമുക്ക് നല്ല കൂട്ടുകാരായി വാഴാം.

إِذْ قَالُوا۟ لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰٓ أَبِينَا مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِى ضَلَٰلٍ مُّبِينٍ ﴿٨﴾

ٱقْتُلُوا۟ يُوسُفَ أَوِ ٱطْرَحُوهُ أَرْضًا يَخْلُ لَكُمْ وَجْهُ أَبِيكُمْ وَتَكُونُوا۟ مِنۢ بَعْدِهِۦ قَوْمًا صَٰلِحِينَ ﴿٩﴾

إِذْ قَالُوٓا۟= ഓർക്കുക അവർ പറഞ്ഞു (യൂസുഫിന്റെ സഹോദരന്മാർ പറഞ്ഞു)

لَيُوسُفُ وَأَخُوهُ= തീർച്ചയായും യൂസുഫും അവന്റെ സഹോദരനും أَحَبُّ= ഏറ്റം പ്രിയമുള്ളവരാകുന്നു إِلَىٰٓ أَبِينَا= നമ്മുടെ പിതാവിന്

مِنَّا= നമ്മെക്കാൾ وَنَحْنُ= നാം (ആയിരുന്നിട്ടും) عُصْبَةٌ= ഒരു (പ്രബല) സംഘം إِنَّ أَبَانَا= തീർച്ചയായും നമ്മുടെ പിതാവ്

لَفِى ضَلَٰلٍ= വഴികേടിൽ തന്നെ (ആയിരിക്കുന്നു) مُّبِينٍ= തെളിഞ്ഞ(തികഞ്ഞ) ٱقْتُلُوا۟= നിങ്ങൾ (നാം) കൊന്നുകളയണം

يُوسُفَ= യൂസുഫിനെ أَوِ ٱطْرَحُوهُ= അല്ലെങ്കിൽ അവനെ വലിച്ചെറിയണം أَرْضًا= ഒരു ഭൂമിയിൽ (ഏതെങ്കിലും വിദൂര സ്ഥലത്ത്)

يَخْلُ لَكُمْ= അങ്ങനെ നിങ്ങൾക്ക് ഒഴിഞ്ഞു കിട്ടട്ടെ وَجْهُ أَبِيكُمْ= (നമ്മുടെ) നിങ്ങളുടെ പിതാവിന്റെ മുഖം

وَتَكُونُوا۟= നിങ്ങൾക്ക് ആവാം (നമുക്ക് വാഴാം) مِنۢ بَعْدِهِۦ= അതിനുശേഷം قَوْمًا صَٰلِحِينَ= സച്ചരിതരായ സമൂഹം (നല്ലകൂട്ടർ)ആയി

**8,9:** ഇതുവരെ പറഞ്ഞത് കഥയുടെ ആമുഖമായിരുന്നു. ഇവിടം മുതൽ കഥ തുടങ്ങുകയാണ്. യഅ്ഖൂബിന്റെ മൂത്ത പുത്രന്മാരുടെ ഗൂഢാലോചനയിൽനിന്നാണ് തുടക്കം. ഇവിടെ യൂസുഫും അവന്റെ സഹോദരനും എന്നു പറയുന്നത് യൂസുഫ് നബിയുടെ മാതാവ് അദ്ദേഹത്തിനു ശേഷം പ്രസവിച്ച ബിൻയാമീനെക്കുറിച്ചാണ്. നടേപറഞ്ഞ കാരണങ്ങളാൽ യഅ്ഖൂബ് നബിക്ക് ഈ ഇളയ പുത്രന്മാരോട് സവിശേഷ സ്നേഹവാത്സല്യങ്ങളുണ്ടായിരുന്നു. അവരെ മറ്റു പുത്രന്മാരെപ്പോലെ വയലിൽ പണിയെടുക്കാനോ വനത്തിൽ കാലികളെ മേയ്ക്കാനോ അയച്ചിരുന്നില്ല. മൂത്ത മക്കൾക്ക് അവരോടുള്ള അസൂയ അദ്ദേഹം മനസ്സിലാക്കിയിരിക്കണം. ജ്യേഷ്ഠന്മാരുടെ അതിക്രമം കൊണ്ടോ അശ്രദ്ധ കൊണ്ടോ അവർക്ക് ആപത്തണഞ്ഞേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു.

ഇളയവരോടുള്ള ഈ പ്രത്യേക സ്നേഹവും പരിഗണനയും, ജ്യേഷ്ഠന്മാരുടെ വെറുപ്പും വിരോധവും വളർത്തുകയായിരുന്നു. അവരുടെ നിലപാട് ഇതായിരുന്നു. കൃഷി ചെയ്തു കാലികളെ മേച്ചും കുടുംബം പുലർത്തുകയും കുടുംബത്തെ മാറ്റാന്മാരുടെ അതിക്രമങ്ങളിൽനിന്ന് സംരക്ഷിക്കുകയും ചെയ്യുന്ന പ്രബല സംഘമാണ് നമ്മൾ പത്തുപേർ. نَحْنُ عُصْبَةٌ എന്നാണ് മൂലവാക്യം. عَصَبْ (നാഡി, ഞരമ്പ്)ൽനിന്ന് നിഷ്പാദിച്ച പദങ്ങളാണ് عصبة ഉം عصبة ഉം. രക്ത ബന്ധുക്കളാണ് عَصَبة. പത്തിലധികമില്ലാത്ത സംഘം, കൂട്ടുകെട്ട്, ഗ്രൂപ്പ് തുടങ്ങിയവയെക്കുറിക്കുന്നു عُصبة. രക്തബന്ധത്തിന്റെയും ശക്തിയുടെയും ആശയവും കൂടി ചേർന്നതാണ് ഈ عُصبة പ്രതിനിധാനം ചെയ്യുന്ന കൂട്ടായ്മ. നാഗരികമല്ലാത്ത ഗോത്രജീവിതത്തിൽ عصبة ന് വലിയ പ്രാധാന്യമുണ്ടായിരുന്നു. അന്ന് ഓരോ കുടുംബത്തിന്റെയും ശക്തിയും പ്രതാപവും ആ കുടുംബത്തിലെ കായബലമുള്ള പുരുഷന്മാരെ ആശ്രയിച്ചായിരുന്നു. അവരാണ് عُصبة. സർക്കാരോ പോലീസോ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ കുടുംബ ചെലവുകൾക്കുള്ള വക കണ്ടെത്തിയിരുന്നതും മറ്റു

ള്ളവരുടെ അക്രമങ്ങളിൽനിന്ന് പ്രതിരോധിച്ചിരുന്നതും അവരായിരുന്നു. അതുകൊണ്ട് കുടുംബത്തിലെ ആരോഗ്യമുള്ള ആണുങ്ങൾ ഏറെ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തു. അത്തരം ആണുങ്ങൾ കൂടുതൽ ഉള്ള കുടുംബങ്ങൾക്ക് അതു വലിയ അന്തസ്സായിരുന്നു. മറ്റു കുടുംബങ്ങൾ –ആണുങ്ങൾ കുറഞ്ഞ കുടുംബങ്ങൾ വിശേഷിച്ചും അവരെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് ഞങ്ങൾ عُصبة ആണ് എന്ന് യഅ്ഖൂബിന്റെ പുത്രന്മാർ പറയുന്നത്. പിതാവിന്റെ സ്നേഹവും പരിഗണനയും ഏറ്റവുമധികം അർഹിക്കുന്ന തങ്ങൾ തീരെ അവഗണിക്കപ്പെടുകയും കുടുംബത്തിന് യാതൊരു പ്രയോജനവുമില്ലാതെ വെറുതെ തിന്നു മുടിക്കുന്നവരെ എല്ലാവരെക്കാൾ സ്നേഹിക്കുകയുമാണ് പിതാവ് ചെയ്യുന്നത്. വലിയ അനീതിയും അന്യായവുമാണിത്. പക്ഷേ, പിതാവിനെ തിരുത്താൻ നമുക്കാവില്ല. അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടവർ യൂസുഫും ബിൻയാമീനും ആയിരിക്കെ അവർക്കെതിരായി നാം പറയുന്നതൊന്നും അദ്ദേഹം സ്വീകരിക്കുകയില്ല. പിതാവിനെ നേർവഴിക്ക് കൊണ്ടുവരാൻ ഒരു വഴിയേ ഉള്ളൂ. യൂസുഫിനെ അദ്ദേഹത്തിൽനിന്നകറ്റുക. നമുക്ക് അവനെ കൊന്നുകളയാം. അല്ലെങ്കിൽ വിദൂരവും നിർജനവുമായ ഏതെങ്കിലും സ്ഥലത്തു കൊണ്ടുപോയി തള്ളാം. അവിടെ കിടന്ന് അവന്റെ കഥ അവസാനിച്ചു കൊള്ളും. നമ്മൾ ഈ പരിപാടി നടപ്പിലാക്കിയാൽ പിന്നെ പിതാവിന്റെ ആഭിമുഖ്യം മുഴുവൻ നമ്മോട് മാത്രമായിരിക്കും. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും പരിഗണനയും അർഹിക്കാത്തവരിലേക്കൊഴുകിപ്പോകില്ല. يَخْلُ لَكُمْ وَجْهُ أَبِيكُمْ നിങ്ങളുടെ പിതാവിന്റെ മുഖം നിങ്ങളിലേക്ക് ഒഴിയും എന്നാണ് മൂലവാക്ക്. അറബിഭാഷയിൽ പ്രീതി, സ്നേഹം, പരിഗണന, ആദരവ് തുടങ്ങിയ ഭാവങ്ങളുടെയെല്ലാം പ്രതീകമായി وجه (മുഖം) ഉപയോഗിക്കും. لوجه الله എന്നാൽ അല്ലാഹുവിന്റെ പ്രീതിക്കും സ്നേഹത്തിനും വേണ്ടി എന്നാണ് അർഥം. ഇവിടെ وجه കൊണ്ടുദ്ദേശ്യം മനസ്സാണ് എന്നും കരുതാവുന്നതാണ്. പിതാവിന്റെ മനസ്സ് നമുക്ക് ഒഴിഞ്ഞുകിട്ടുക എന്ന് പറയുന്നതിലും മേൽ പറഞ്ഞ ആശയങ്ങളെല്ലാം ഉൾപ്പെടുന്നതാണ്.

وَتَكُونُوا مِنۢ بَعْدِهِۦ قَوْمًا صَـٰلِحِينَ എന്ന വാക്യം രണ്ടു തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. صَـٰلِحِينَ ന്റെ ഭാഷാർഥം പരിഗണിച്ചുകൊണ്ടുള്ളതാണ് ഒന്ന്. صلح (നന്നായി)യുടെ കർതൃപദമായ صالح ന്റെ ബഹുവചനമാണ് صالحين. അയാളുടെ കാര്യം മെച്ചപ്പെട്ടു, നല്ല സ്ഥിതിയിലായി എന്ന അർഥത്തിൽ صلحت حاله എന്നു പറയും. ഇതനുസരിച്ച് وَتَكُونُوا مِنۢ بَعْدِهِۦ قَوْمًا صَـٰلِحِينَ ന്റെ അർഥം ഈ പരിപാടി നടത്തിക്കഴിഞ്ഞാൽ അല്ലെങ്കിൽ യൂസുഫ് ഇല്ലാതാകുന്നതോടെ പ്രശ്നങ്ങൾ തീർന്ന നമ്മൾക്ക് നല്ല അവസ്ഥയുള്ളവരാവാം എന്നാണ്. പിന്നെ അർഹിക്കുന്ന നിലയും വിലയും സ്നേഹ ബഹുമാനങ്ങളും നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. അവരുടെ ദൃഷ്ടിയിൽ യൂസുഫ് ഒരു വലിയ മുള്ളായിരുന്നു. അതു പറിച്ചെറിഞ്ഞാൽ എല്ലാ പ്രയാസവും തീർന്നു. അറബി വ്യാകരണമനുസരിച്ച് ഈ വ്യാഖ്യാനമാണ് കൂടുതൽ പ്രബലം. وتكونوا എന്നവാക്കിനെ واو കൊണ്ട് സമാസിച്ചിരിക്കുന്നത് يَخْلُ എന്ന വാക്കുമായിട്ടാണ്. യൂസുഫിനെ ഇല്ലാതാക്കിയാൽ പിതാവിന്റെ മനസ്സ് നിങ്ങൾക്ക് ഒഴിഞ്ഞു കിട്ടുകയും അങ്ങനെ സുസ്ഥിതിയിലാവുകയും ചെയ്യാം എന്ന ആശയമാണ് അതിൽനിന്ന് സ്ഫുരിക്കുന്നത്.

സംസ്കൃതമാവുക, ചിന്തയിലും സംസാരത്തിലും കർമത്തിലും നന്മയുണ്ടാവുക എന്നാണ് صلح യുടെ സാങ്കേതികമായ അർഥം. സന്മാർഗിയും സച്ചരിതനുമാണ് صالح. സൽകർമങ്ങൾ العمل الصالح. ഈ അർഥമനുസരിച്ച് വചനതാൽപര്യം ഇതാണ്: യൂസുഫിനെ കൊല്ലുന്നത് മഹാപാതകമാണെന്ന് ആ സഹോദരന്മാർക്കറിയാമായിരുന്നു. അതിൽ കുറ്റബോധവുമുണ്ടായിരുന്നു. പക്ഷേ അവരുടെ ദേഹേഛ– യൂസുഫിനോടുള്ള വിരോധം– അതിനെ അതിജയിച്ചു. അങ്ങനെ ആ പാതകം ചെയ്യാൻ തന്നെ അവർ തീരുമാനിച്ചു. ഇപ്പോൾ ചെയ്യേണ്ടത്, അത്യാവശ്യമായിത്തീർന്ന ഈ കുറ്റകൃത്യം ചെയ്തശേഷം ഭാവിയിൽ സന്മാർഗികളും സൽകർമികളുമായി വാഴാമെന്നും അതുവഴി ഈ പാപം പൊറുക്കപ്പെടുമെന്നും സമാധാനിക്കുകയാണവർ. അറിഞ്ഞുകൊണ്ട് പാപം ചെയ്യുന്ന എല്ലാവരും സ്വന്തം മനസാക്ഷിയെ തൃപ്തിപ്പെടുത്താൻ കണ്ടെത്തുന്ന മാർഗമാണിത്. വൻ കുറ്റമാണെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതു ചെയ്യാതിരിക്കാനാവില്ല. പിന്നീട് തൗബ ചെയ്യാം, ഇത്തരം കൃത്യങ്ങളിലേർപ്പെടാതെ ശ്രദ്ധിക്കാം. ദേഹേഛയും ധർമബോധവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ ദേഹേഛയുടെ ഭാഗത്തു നിൽക്കുന്നവർ ഓരോ കുറ്റം ചെയ്യുമ്പോഴും ഇങ്ങനെയൊക്കെ സമാധാനിക്കുന്നു. ഈ വ്യാഖ്യാനവും യുക്തിസഹമാണെങ്കിലും സൂക്തത്തിന്റെ വ്യാകരണം പിന്തുണക്കുന്നത് ആദ്യ വ്യാഖ്യാനത്തെയാണ്.

സഹോദരന്മാർക്ക് യൂസുഫിനോടുണ്ടായിരുന്ന വിദ്വേഷത്തിനു കാരണം പിതാവിന് അദ്ദേഹത്തോടുള്ള അധിക സ്നേഹം മാത്രമായിരുന്നില്ല. അതിലധികം യൂസുഫിന്റെ സ്വഭാവമഹിമയിലും അതുവഴി അദ്ദേഹം തങ്ങളെക്കാൾ ഉന്നതനാകാനുള്ള സാധ്യതയിലുമുള്ള അസൂയയുമായിരുന്നു. പിതൃസ്നേഹത്തിന്റെ കാര്യത്തിൽ ബിൻയാമീനും യൂസുഫിനെപ്പോലെ തന്നെയായിരുന്നുവല്ലോ. പക്ഷേ, യൂസുഫിനെപ്പോലെ മഹത്വത്തിന്റെയും ഔന്നത്യത്തിന്റെയും ലക്ഷണങ്ങൾ ബിൻയാമീനിൽ പ്രകടമായിരുന്നില്ല. അതുകൊണ്ടാണ് ബിൻയാമീനെ അവർ കൊല്ലാൻ ശ്രമിക്കാതിരുന്നത്.

യഅ്ഖൂബ് നബിക്ക് യൂസുഫ് നബിയോടുണ്ടായിരുന്ന പ്രത്യേക സ്നേഹത്തെ ചില സാഹചര്യങ്ങളിൽ മക്കളിൽ ചിലരെ കൂടുതൽ സ്നേഹിക്കുന്നതും പരിഗണിക്കുന്നതും അനുവദനീയമാണെന്നതിന് തെളിവായി ഉന്നയിക്കപ്പെടുന്നുണ്ട്. ചില കുട്ടികൾ മറ്റുള്ളവരെ അപേക്ഷിച്ച് അവശരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമാവുകയാണ് അതിലൊന്ന്. ചില കുട്ടികൾ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ സൽസ്വഭാവികളും വിവേകശാലികളുമാണെങ്കിൽ ആ ഗുണങ്ങളെ പ്രോത്സാഹിപ്പിക്കാൻ അവരെ പ്രത്യേകം പരിഗണിക്കാം. അതുപോലെ പഠിക്കാൻ കഴിവും താൽപര്യവുമുള്ളവരെ പിതാവിന് പ്രത്യേകം പരിഗണിക്കാം.

എന്നാൽ മക്കളോട് കഴിയുന്നത്ര സമത്വത്തോടെ വർത്തിക്കണമെന്നാണ് ശരീഅത്ത് അനുശാസിച്ചിട്ടുള്ളത്. മക്കളെ സ്നേഹിക്കുന്നതിലും ലാളിക്കുന്നതിലും ഉമ്മവെക്കുന്നതിൽവരെ തുല്യത പാലിക്കേണ്ടതാണ്. ചില മക്കളോട് മറ്റുചില മക്കളിൽ അസൂയയും വിദ്വേഷവുമുണ്ടാക്കുന്ന യാതൊരു സമീപനവും മാതാപിതാക്കളിൽനിന്നുണ്ടായിക്കൂടാ.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) ഉപദേശിക്കുന്നു: اتقوا الله واعدلوا بين أولادكم "അല്ലാഹുവിനെ ഭയപ്പെടുവിൻ മക്കൾക്കിടയിൽ നീതി പാലിക്കുവിൻ" ത്വബറാനി ഉദ്ധരിച്ച നിവേദനത്തിൽ പറയുന്നു:

اعدلوا أولادكم فى النحل كما تحبون أن يعدلوا بينكم فى البرّ واللطف ഇഷ്ടദാനങ്ങളിൽ മക്കൾക്കിടയിൽ നീതിപാലിക്കണം. സൽപെരുമാറ്റത്തിലും കാരുണ്യത്തിലും അവർ നിങ്ങളോടു നീതി പാലിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ." ■